ാകുന്ന ഇൻഡോ-കനേഡിയൻ നയതന്ത്രം: ഒരവലോകനം

1 ജനുവരി 2024

വില ₹ 25

# ിജ്ഞാനകൈരളി

NAKAIRALI Monthly

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം

ാസ്റ്റ്ഹ്യൂമൻ ചിന്താധാരയിലെ നിയന്ത്രണ രേഖകൾ



## വിജ്ഞാനാധിഷ്ഠിത സമ്പദ്‌വ്യവസ്ഥയുടെ സാധ്യതകളും കേരള വികസനത്തിന്റെ ഭാവിയും

പുതുവത്സരാശംസകൾ

# വിജ്ഞാനകൈരളി

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം

ജനുവരി 2024 വാല്യം 56 ലക്കം 1 വില ₹ 25, തിരുവനന്തപുരം

January 2024 Vol 56 No 1 Price ₹ 25, Thiruvananthapuram





വി.കൃഷ്ണവാരിയർ

പക പത്രാധിപർ





ഇന്റർസെക്ഷനാലിറ്റി;
**ചരിത്രം, വർത്തമാനം, വ്യവഹാരം**
**ഡോ. രേഖാ രാജ്**
05

വ്യത്യസ്ത സാമൂഹിക സാംസ്കാരിക വിഭാഗങ്ങളിൽ പെടുന്ന ജനതയുടെ വ്യത്യസ്തത അംഗീകരിച്ചുകൊണ്ടുള്ള പൊതു ലോകക്രമത്തെ പറ്റി ചർച്ച ചെയ്യുന്ന ലേഖനം.



**പോസ്റ്റ്ഹ്യൂമൻ ചിന്താധാരയിലെ നിയന്ത്രണ രേഖകൾ**
**ബിജോയ് ഡാനിയേൽ**
**ഡോ. നസ്സീൻ എ.**
33

മനുഷ്യന്റെ സമ്പൂർണ മേധാവിത്തത്തിൽ നിന്നു മാറി നിയന്ത്രണങ്ങൾ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന ആധുനിക കാലഘട്ടത്തിന്റെ നിയന്ത്രണരേഖകളെപ്പറ്റിയുള്ള ചിന്ത



വിജ്ഞാനാധിഷ്ഠിത
**സമ്പദ്‌വ്യവസ്ഥയുടെ സാധ്യതകളും കേരള വികസനത്തിന്റെ ഭാവിയും**
**ഡോ. കെ.പി. വിപിൻ ചന്ദ്രൻ**
**ഡോ. സന്ധ്യ പി.**
53

സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലാകുന്ന വിജ്ഞാനാധിഷ്ഠിത ആശയങ്ങളുടെ സാധ്യതകൾ വിലയിരുത്തുന്ന ലേഖനം

ക്കം സത്യാഗ്രഹത്തിൽ
ിയാർ വഹിച്ച പങ്ക്
ഷിജു കെ. 14

ഫസ്സ്:
സിയുടെ പുതിയ മാനം
ന്ന നാരായണൻ 20

രാമചന്ദ്രൻ:
തിയെ ധ്യാനിച്ച കവി
ശുഭ കെ 24

ാള ഭാഷാധിനിവേശം
ാടൻ (മാത)ഭാഷയിൽ
. സിനുമോൾ തോമസ് 29

ഷയ പദ്ധതി: നേട്ടങ്ങളും വെല്ലുവിളികളും
. ആശാലക്ഷ്മി ബി. എസ് 40

ളാകുന്ന ഇൻഡോ-കനേഡിയൻ
ന്ത്രം-ഒരവലോകനം
. സന്തോഷ് മാത്യു 45

ർശവീഥിയിലെ ദർശനമുദ്രകൾ
. നടുവട്ടം ഗോപാലകൃഷ്ണൻ 50

ഥിരവികസനം: ആശയസൂചനകൾ
. ഉമാജ്യോതി.വി
. സുനിൽ കുമാർ എസ് മേനോൻ
. സന്ദീപ് എസ് 60

ിയ അക്ഷാംശങ്ങൾ
ണ്ടെത്തുന്ന കഥകൾ
ാ. ജയകുമാർ എസ്.എസ്. 64

നവികതയുടെ അർഥവും വ്യാപ്തിയും
. വത്സലയുടെ കഥകളിൽ
ാ. സുധീഷ് സാം എസ്.വി. 70

തിരുവിതാംകൂർചരിത്രം
യാളകവിതയിൽ
ശ ആർ.പി. 75

സ്തകപരിചയം 82



വിജ്ഞാനകൈരളിയിലെ ലേഖനങ്ങളിൽ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങളുടെയും ആശയങ്ങളുടെയും ഉത്തരവാദിത്വം ലേഖകർക്കായിരിക്കും. അവ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയോ ഗവൺമെന്റിന്റെയോ ഔദ്യോഗികാഭിപ്രായമായിക്കൊള്ളണമെന്നില്ല. - എഡിറ്റർ



ഡിറ്റർ : 0471 2316306
ർ : 8547071569

ഇ മെയിൽ editorvijnanakairali@gmail.com
harivkairali@gmail.com

ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, നാളന്ദ, തിരുവനന്തപുരം 695 003
സർക്കുലേഷൻ മാനേജർ : 8593949556 vkcirculation@gmail.com



www.keralabhashainstitute.org



ആർ രാമചന്ദ്രൻ

# ആർ രാമചന്ദ്രൻ: പ്രകൃതിയെ ധ്യാനിച്ച കവി

ഡോ. ശുഭ കെ

പ്രകൃതിയുടെ മുന്നിൽ ധ്യാനമഗ്നനായി നിൽക്കുന്ന മുഹൂർത്തങ്ങളാണ് എന്റെ ജീവിതത്തിലെ ഏറ്റവും വലിയ ധന്യതകൾ. ശൈശവവും പിൽക്കാലത്ത് അനധ്യായവേളകളും പ്രകൃതിമനോഹരമായ ഗ്രാമങ്ങളിലാണ് ഞാൻ ചെലവഴിച്ചത്. എനിക്ക് പ്രകൃതിയോടുള്ള കടപ്പാട് നിറഞ്ഞകണ്ണോടെ പ്രകൃതിയുടെ കാൽക്കൽ വീണ് ഏറ്റുപറയണമെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്. (2017:204)

താമരത്തിരുത്തി എന്ന ഗ്രാമത്തിലെ വിശാലമായ പറമ്പിന്റെ ഒത്ത നടുക്ക് മുത്തച്ഛന്റെ വീട്ടിൽ ബാല്യകാലം കഴിച്ചുകൂട്ടിയതിനെക്കുറിച്ച് പി . എം നാരായണനുമായി നടത്തിയ അഭിമുഖത്തിൽ കവി ഓർത്തെടുക്കുന്നത് ഇങ്ങനെയാണ്. കിഴക്കുഭാഗത്തെ വയലിന്റെ നടുവിലൂടെ പാട്ടുപാടി ഒഴുകുന്ന ചെറിയ തോടും തെക്കു കിഴക്കുഭാഗത്തെ ശ്രീകൃഷ്ണ ക്ഷേത്രത്തിനു പിന്നിലുള്ള ശ്യാമായമാനമായ തോപ്പുകളും വീടിന്റെ പടികടന്നാൽ പടിഞ്ഞാറുഭാഗത്ത് വൻകാടിനെ ഓർമിപ്പിക്കുന്ന അനേകമേക്കർ വിസ്താരമുള്ള മാവിൻതോപ്പും തൊട്ടടുത്തുള്ള ഞാവൽത്തോപ്പും കവിയായ രാമചന്ദ്രന്റെ ബാല്യഭാവനകളെ ഉദ്ദീപിപ്പിച്ചു. വയൽപരപ്പിനപ്പുറം ഉദിക്കുകയും മാവിൻതോപ്പിനപ്പുറം അസ്തമിക്കുകയും ചെയ്യുന്ന സൂര്യനും തോപ്പിൽ നിന്നിറങ്ങിവരുന്ന സന്ധ്യയും ആർ. രാമചന്ദ്രന്റെ കവിതകളിൽ വിടാതെ സ്ഥാനം പിടിക്കുന്നതങ്ങനെയാണ്.

*വയലുകൾക്കപ്പുറം വാകപൂത്ത*
*വഴിയിലൂടന്തിമറഞ്ഞുപോയി*
*ചിറകു കടയുന്ന തെന്നലാറ്റിൻ*
*കരയിലെ വെള്ളിലത്തോപ്പിനുള്ളിൽ.*
*ഇരുളിനെക്കാത്തു കിടക്കുമാലിൻ*
*കരിനിഴലറിയാതുറക്കമായി .*
*കരളോർക്കുമേതോ പുരാണശോക-*
*കഥ പോലിശ്ശ്യാമളഭൂമി കാണ്മൂ.*
എന്ന് 'പ്രലോഭന'ത്തിലും

*കരിനീലപ്പൂക്കൾ*
*വാടിവീഴുമീ*
*വയലിൽ*
*പുതു മണ്ണിൻ മണം നുകർ*
*ന്നുന്മത്തരായ്*
*നവരത്ന ഹയങ്ങൾ പോൽ കുത്താടി,*
*പറന്നു പോം*
*വാസരങ്ങൾ തൻ വഴിയിൽ കൂടി*
*താരകത്തിനെത്തേടി നടന്നേൻ*

എന്ന് 'എന്റെ കഥ'യിലും ആ ബാല്യകാല സഞ്ചാരങ്ങളുടെ ഭാവാത്മകമായ ചിത്രണമുണ്ട്.

ചക്രവാളത്തോളം വ്യാപിച്ചുകിടക്കുന്ന വയലുകളിലേക്ക് നോക്കി ഏറെ സമയം ചെലവഴിച്ച കവി, രാത്രികാലങ്ങളിൽ ചൂട്ടും കത്തിച്ച് വയൽവരമ്പിലൂടെ നടക്കുന്ന പാന്ഥരെക്കുറിച്ച് ഭാവന നെയ്തു. എന്തിനോ വേണ്ടിയുള്ള ആ യാത്രയിലെ നിഗൂഢത കവിയെ സ്വപ്നദർശകനാക്കി. ഈ കാണുന്നതൊന്നുമല്ല സത്യമെന്നും അതിനപ്പുറത്ത് എന്തൊക്കെയോ ഉണ്ടെന്നുമുള്ള തോന്നൽ പ്രകൃതിയുടെ പുനർദർശനത്തിന് കവിയെ പ്രാപ്തനാക്കി. കണ്ടതിനപ്പുറത്ത് കാണാത്തതെന്തോ ഉണ്ടെന്ന തോന്നൽ ശക്തിപ്പെട്ടത് ഗ്രാമപ്രകൃതിയിൽ നിന്നാണെന്ന് രാമചന്ദ്രൻ തന്നെ ഏറ്റുപറയുന്നുമുണ്ട് (ടി. പു.205)

ആർ രാമചന്ദ്രന്റെ കവിതയുടെ ആത്മാവിനെക്കുറിച്ചുള്ള അന്വേഷണം അദ്ദേഹത്തിന്റെ കവിതയിലെ പ്രകൃത്യവബോധത്തിൽ നിന്നാരംഭിക്കണമെന്ന് ചുരുക്കം.

## ഇരുട്ടും ദുഃഖവും

അമാവാസിരാത്രികളിൽ കവിയുടെ വീടിനു മുന്നിലുള്ള വയൽപ്പരപ്പ് അപാരമായ തമസ്സിന്റെ ലോകമായി മാറുന്നു. ഇരുട്ടിൽ കുന്നിൻമുകളിൽ ആകാശം മുട്ടിനിൽക്കുന്ന ഒരു അതികായരൂപം ദുഃഖമൂർത്തിയായ ദൈവമായി അവസ്ഥാനം ചെയ്യുന്നു. കുന്നിനുതാഴെ നിവർന്നുകിടക്കുന്ന ഗ്രാമഭൂമിയും അതുപോലെ നിത്യദുഃഖിതയായി കാത്തുനിൽക്കു

ഃഖമൂർത്തി, ശോണരശ്മി എന്നീ കവിതകൾ ിച്ചാൽ നിത്യദുഃഖിതനായ ദൈവം,നിത്യ യ ഭൂമി എന്നീ ചിരസ്ഥായികളായ സങ്ക കവി താലോലിക്കുന്നതായി മനസ്സിലാ .

*ായോ വാനം?*
*ർക്കുന്നോ*

*ുകൾ?*

ചോദ്യത്തോടെയാണ് 'ശോണരശ്മി' ന്നത്. നിത്യതയുടെ ആത്മാവിലുർന്ന ുവിനെപ്പോലെ വെളിച്ചംവീണലിഞ്ഞ ത്തിന്റെ തടത്തിൽ ആരോ ആരെയോ ുക്കുന്നു. ഇതിനു സമാന്തരമായി വ്യോമ ട അഭംഗമൗനവും അവിടെ നിറഞ്ഞു യാണ്. ചിരന്തനമായ ദുഃഖം ഒരു ശോണ വിറകൊള്ളുന്നു. കതി കൊള്ളുന്ന കാലം ത്തിന്റെ പ്രത്യക്ഷരൂപം തന്നെയാ ിടറി തലതാഴ്ത്തി നിൽക്കുകയും ചെയ്യുന്നു. ം ദൈവത്തിന്റെയും ദുഃഖം മനുഷ്യാത്മാ പടർന്നുകയറുന്നതിന്റെ സ്വാഭാവികത ചന്ദ്രന്റെ കവിത അനുഭവിപ്പിക്കുന്നുണ്ട്. സൗഹൃദബന്ധത്തിനായി കൈകൾ നീട്ടു ിനാണ്.

*ന്നേൻ ആത്മാവിനെ ഞാൻ*
*ഒന്നേൻ*
*ൗഹൃദബന്ധത്തിന്നായ്*
*നീട്ടുന്നേൻ* (ദുഃഖമൂർത്തി )

്റ ദുഃഖം ഭർത്തൃനിരാകൃതയായ സ്ത്രീയുടേ മാണെന്ന് പറയുന്നുണ്ടവിടെ. പ്രണയ ഷ്ഫലതയാണ് ദുഃഖത്തിന്റെ അടിസ്ഥാന ാ തിരിച്ചറിവിലാണ് ഈ തമോവിവരണം ടയുന്നത്.

*ംകാരത്തി-*
*തയിൽ*
*ിലെ*
*നമാം ദുഃഖത്തിൻ സത്യം*
*മേകാന്തതയിൽ*
*ു*
*ക, നിന്നെ*
*ന്നേൻ*

'ദിവ്യദുഃഖത്തിന്റെ നിഴലിൽ' ആ സത്യമ രഷ്യാത്മാവിന് സാധിക്കുന്നതായി കവി ുന്നു.

*ുമാം*
*ാലം*
*ളമാം*
*ം*
*ുതി തേടി*
*മിസ്സർഗലീലയിൽ*

*നിന്നഴൽ നിഴലിക്കേ*
*ഹാ, പഴിപ്പൂ ഞാൻ നിന്നെ.*

വാനും പാരും ദുഃഖമൂർത്തികളായി നിലകൊ ൾകെ അഴലിന്റെ നിഴൽ ഓരോ മനുഷ്യനിലും വ്യാ പിക്കുന്നത് നിശ്ശബ്ദതയുടെ തടാകത്തിൽ താമര മൊട്ടുകളെപ്പോലെ തൊഴുകൈകളുമായി നിലകൊള്ളുന്ന കവിചിത്തം കണ്ടറിയുന്നു.

രാമചന്ദ്രൻ കവിതയിൽ സർവവ്യാപിയായി നിലകൊള്ളുന്ന ഇരുട്ട് പക്ഷേ, ശൂന്യതാവാദത്തി ലേക്ക് ചുരുക്കുന്ന ഒന്നല്ലെന്നും ഇതോടൊപ്പം തിരിച്ചറിയേണ്ടതുണ്ട്. വെളിച്ചവും സന്ധ്യയുമായി കൂട്ടുപിണയുന്ന ഇരുട്ടാണ് രാമചന്ദ്രൻ കവിതകളുടെ വ്യതിരിക്തത. ഇക്കാര്യം കൂടുതൽ വിശദീകരണമർ ഹിക്കുന്നു.

## സാന്ധ്യശോഭയുടെ കവിത

സന്ധ്യയുടെ സൗന്ദര്യത്തെ ഇത്രമേൽ അനുഭൂതി തീക്ഷ്ണമായി വിവരിക്കുന്ന മലയാള കവിത വേറെ കാണാൻ പ്രയാസമാണ്.

*വയലുകൾക്കപ്പുറം വാകപൂത്ത*
*വഴിയിലൂടന്തിമറഞ്ഞുപോയി* - പ്രലോഭനം

*വാടിയ ചെമ്പകപ്പൂക്കൾ പോലന്തികൾ*
*വീണറങ്ങീടുമെന്നുള്ളിൽ* -വഞ്ചിതൻ
*പഴങ്കഥ പുലമ്പുമ്പോൾ*
*മറവിയിൽ പെട്ട നാട്ടു മുത്ത-*
*മുത്തശ്ശി പോലന്തി*
*കനിഞ്ഞിരിപ്പൂ* -'എന്റെ നാട്'

*സാന്ദ്രനീലമാമൊരു*
*മൗനമായ്*
*നിറഞ്ഞു നിന്നിടുമീസ്സന്ധ്യ* - 'പ്രവാസികൾ'

ഇരുട്ടിനും വെളിച്ചത്തിനുമിടയിൽ കാണുന്ന ശോഭനമായ മാർഗമാണ് സന്ധ്യ. ഭവത്തിനും ശൂ ന്യത്തിനുമിടയിൽ ക്രമത്തിനും ക്രമരാഹിത്യത്തിനു മിടയിൽ അവയെ ബന്ധിപ്പിക്കുന്ന സമയമാർഗം!. തന്റെ കരളിനു നേരെ പറന്നെത്തുന്ന സൂര്യകിരണ ത്തെക്കുറിച്ച് കവി വാചാലമാകുന്ന മുഹൂർത്തങ്ങളുണ്ട് (സൂര്യകിരണം എന്ന കവിത കാണുക). ഏകാന്ത തയും ദുഃഖവും വഴി കവി ദൈവവുമായി സമാനത പങ്കിടുമ്പോൾ പോലും

*നീയനാദ്യന്തൻ മൂതി ഭീതിയിൽ ചേരും*
*സ്വപ്നഭൂമിയിൽ നൃത്തം ചെയ്യും*
*മുഗ്ധസൗന്ദര്യത്തെ നിനയ്ക്കാൻ*
*കഴിയാത്തോൻ*

എന്ന് സ്വയം ആനന്ദിക്കാൻ കെല്പു നൽകുന്നത് ധ്യാനാത്മകമായ ഭാവശക്തിയാലാണ്. ബുദ്ധിസ്റ്റ് യോഗാത്മകതയുടെ അനുഭവസാക്ഷ്യമായി ആർ. രാമചന്ദ്രന്റെ കവിതകൾ വിലയിരുത്തപ്പെട്ടിട്ടുണ്ട്. (കെ. രാജൻ : 30- 6- 20023). ശ്യാമസുന്ദരിയുടെ

ഇരുട്ടിനും
വെളിച്ചത്തിനുമിടയിൽ
കാണുന്ന ശോഭനമായ
മാർഗമാണ് സന്ധ്യ
ഭവത്തിനും
ശൂന്യത്തിനുമിടയിൽ
ക്രമത്തിനും ക്രമരാഹി
ത്യത്തിനുമിടയിൽ
അവയെ
ബന്ധിപ്പിക്കുന്ന
സമയമാർഗം!.
തന്റെ കരളിനു
നേരെ പറന്നെത്തുന്ന
സൂര്യകിരണത്തെ
ക്കുറിച്ച് കവി
വാചാലമാകുന്ന
മുഹൂർത്തങ്ങളുണ്ട്.

സമൂഹത്തോടും അതിന്റെ പ്രശ്നങ്ങളോടും പുറംതിരിഞ്ഞുള്ള നിൽപ്പ് രാമചന്ദ്രൻ കവിതകളെ പരിമിതപ്പെടുത്തുന്നു എന്ന ആക്ഷേപം ഉണ്ടായിട്ടുണ്ട്. എന്നാൽ കവി ആത്യന്തികമായി ഉന്നയിക്കുന്ന ചില ചോദ്യങ്ങൾ മാനവികതയുടെ പൊരുളിനെ സമഗ്രമായി സ്പർശിക്കുന്നതാണ്.

കണ്ണിലെ തൃഷ്ണാഭിനിവേശം കണ്ട് ബുദ്ധന്റെ ചുണ്ടിൽ വിരിയുന്ന അനുതാപാർദ്രമായ പുഞ്ചിരിയെ 'അജന്ത'യിൽ ഒപ്പിയെടുത്ത കവിയാണ് രാമചന്ദ്രൻ. മിഴിയിൽക്കൂടി കരളിൽ തുളച്ചെത്തി കത്തുന്ന വെളിച്ചം നിത്യശീതളതമസ്സിന്റെ മടിത്തട്ടിൽ ശരണം തേടിയെത്തുന്നതിന്റെ ചിത്രവും ഒപ്പം വരയ്ക്കുന്നു. വെളിച്ചം ഇരുട്ടിൽ ലയിച്ചുചേരുന്നതിന്റെ കൽപ്പനാഭാസുരമായ ചിത്രം ഒട്ടുമിക്കയിടത്തുമുണ്ട്. വെളിച്ചം കുടിച്ച് മദാലസയായ ശ്യാമഭൂമിയാണ് 'ആത്മവിസ്മൃതി'യിലെ കഥാപാത്രം. ഇരുട്ടിന്റെ ധ്വന്യാത്മകതലത്തെ ആവിഷ്കരിച്ച കവിയാണ് ആർ. രാമചന്ദ്രൻ എന്നു പറയുന്നത് അതുകൊണ്ടാണ്. ആത്മദുഃഖത്തെ ലോകദുഃഖമായി പരിവർത്തിപ്പിച്ച ബുദ്ധൻ ഇവിടെ മാതൃകയായി നിലകൊള്ളുന്നു.

## പ്രണയവും പ്രകൃതിയും

സമൂഹത്തോടും അതിന്റെ പ്രശ്നങ്ങളോടും പുറംതിരിഞ്ഞുള്ള നിൽപ്പ് രാമചന്ദ്രൻ കവിതകളെ പരിമിതപ്പെടുത്തുന്നു എന്ന ആക്ഷേപം ഉണ്ടായിട്ടുണ്ട്. എന്നാൽ കവി ആത്യന്തികമായി ഉന്നയിക്കുന്ന ചില ചോദ്യങ്ങൾ മാനവികതയുടെ പൊരുളിനെ സമഗ്രമായി സ്പർശിക്കുന്നതാണ്. സമൂഹജീവിയായ മനുഷ്യന്റെ ദൈനംദിന പ്രശ്നങ്ങളല്ല ഇദ്ദേഹത്തെ അലട്ടുന്നത്. നേരെ മറിച്ച് മനുഷ്യൻ എന്തിനിവിടെ വന്നു ?. ഈ നീലാകാശവും പച്ചപ്പുമായി അവനെന്താണ് ബന്ധം? എന്തിനാണവൻ സ്നേഹിക്കുന്നത്? എന്നീ ചോദ്യങ്ങൾക്ക് തന്റേതായ രീതിയിൽ ഉത്തരം കണ്ടെത്താനുള്ള പരിശ്രമങ്ങളാണ് കവിതയിലുടനീളം. ചിന്തിക്കുന്ന മനുഷ്യന്റെ ഉത്തരം കണ്ടെത്താനാവാത്ത ചോദ്യങ്ങൾക്ക് പ്രകൃതിയിൽ നിന്നുത്തരം കണ്ടെത്താനുള്ള പരിശ്രമമാണ് അതെന്നും പറയാം. ആത്മവിസ്മൃതിയുടെ ധന്യമായ നിമിഷങ്ങളിൽ ചില സമസ്യകൾക്ക് സ്വയം ഉത്തരം കണ്ടെത്താനാകുന്നു. സ്വന്തം ദുഃഖം തന്റെ സൃഷ്ടിയിൽ പ്രതിഫലിപ്പിച്ച ദൈവം സൃഷ്ടിയിലൂടെ ദുഃഖത്തിൽ നിന്ന് രക്ഷനേടാൻ ശ്രമിക്കുന്നു. അതിന്റെ ഒരു അനുകരണമാണ് പ്രകൃതിയിലെ സർവചേഷ്ടകളും എന്നുപറയാം. മനുഷ്യന് അതിനെ മറികടക്കാനുള്ള ഒരേയൊരു മാർഗം സ്നേഹബന്ധങ്ങൾ നിലനിർത്തൽ ആണെന്നതാണ് കവിഭാഷ്യം. പ്രകൃതിയിൽ അതിന്റെ ദൃഷ്ടാന്തങ്ങൾ ഓരോന്നും കവി കണ്ടെത്തുന്നു 'പൊൻകിളി' എന്ന കവിതയിൽ

*മധുരാഭിലാഷമൊന്നെന്നിലിയറ്റിനാൾ*
***മദിരാക്ഷി പോയിട്ടും നേരം !***
***പുരുമോദം പൂണ്ടെന്റെ ഏത്തിലതിനെ ഞാൻ***
***പരിലാളനം ചെയ്തു പോന്നേൻ***
***കളിയായ് തലോടിയൊന്നുമ്മ വക്കേണ്ടും പൊൻ***
***കിളിയായതെന്നിൽ വളർന്നു***

എന്ന് സ്നേഹാഭിലാഷങ്ങളെ പൊൻകിളിയായി ഏത്തിൽ സൂക്ഷിക്കാൻ കവി വെമ്പുന്നു. 'പരിത്യക്തർ' എന്ന മറ്റൊരു കവിതയിലാവട്ടെ ആത്മാവിൽ പ്രണയാർദ്രമായി എത്രയോവട്ടം മുട്ടിവിളിക്കുന്ന സംഗീത വീചികളെക്കുറിച്ചാണ് വിവരണം.

***മുട്ടി വിളിച്ചിതെന്നാത്മാവി,ലെത്രയോ***
***വട്ടം മധുരമായ് സംഗീതവീചികൾ***
***സ്പന്ദനം ചെയ്തി,തവയിലീ വൃദ്ധയാം***
***മന്നിന്റെ യൗവനചൈത്രലഹരികൾ .***
***ത്തുമണം പൂക്കളിൽ ചേർത്ത പുരാതന –***
***പ്രേമ കഥകൾ തൻ കോരിത്തരിപ്പുകൾ,***
***അബ്ധികൾക്കപ്പുറം ചന്ദ്രിക പാടിട്ടു-***
***മപ്സരോഭ്രമിതന്നജ്ഞാത ഭംഗികൾ***

'മാർഗദർശകൻ' എന്ന മറ്റൊരു കവിതയിലാവട്ടെ

***പച്ചില ചാർത്തിൻ നിഴലും***
***പാറിക്കളിച്ചെത്തിന കുളിർ കാറ്റും***
***ചുംബിച്ചു വിളിച്ചുവോ ?***
***അറിവീ,ലുണർന്നേൻ ഞാൻ.***
***ചിരിച്ചു കിടക്കയാ-***
***ണാതിര നിലാവുതൻ പൂമണിക്കുലയൊ-***
***ന്നെൻ കരളിൻ മണി മച്ചിൽ,***
***ദേവ കന്യതൻ കിനാവിന്റെ***
***നഗ്നസൗന്ദര്യം പോലെ***

എന്ന് കരളിന്റെ മണിമച്ചിൽ ചിരിച്ചു കിടക്കുന്ന ആതിരനിലാവിന്റെ പൂമണിക്കുല കാണിച്ചുതരുന്നു. പക്ഷേ, കിളിക്ക് ചിറകുമുളയ്ക്കാത്തതും ആത്മാവിൽ തട്ടിവിളിച്ച സംഗീത വീചിക്ക് വല്ലകീസ്പർശം ലഭിക്കാത്തതും നിലാവിന്റെ മുഗ്ധതയിൽ ഉറങ്ങിപ്പോയതും അനിവാര്യമായ ചില സങ്കടങ്ങളാണ്. അവയെ മറികടക്കാനായെങ്കിൽ !-അതൊരു പ്രതീക്ഷയാണ്.

***നോവുന്നിതെൻ മന; മാർദ്രമാമേതൊരു***
***ഭാവന നൽകുമവക്കിനി ലാളനം***
-പരിത്യക്തർ

എന്ന് വിതുമ്പലോടെ കവിത അവസാനിക്കുമ്പോൾ ആർദ്രമായ ഒരു ഭാവനയ്ക്ക് ആത്യന്തിക ദുഃഖങ്ങളെ മറികടക്കാൻ കഴിയുമെന്ന സൂചനയുണ്ട്. പ്രകൃതി നൽകിയ ദുഃഖത്തിന് പ്രകൃതിയിൽ നിന്നു തന്നെ പ്രതിവിധി തേടാം എന്ന ഒരു ഉറപ്പ് കവിത നൽകുന്നു. മാനവികതയുടെ സ്പന്ദനം രാമചന്ദ്രൻ കവിതകളിൽ മുഴങ്ങുന്നത് സൂക്ഷ്മശ്രോത്രങ്ങൾക്ക് അനുഭവവേദ്യമാകുന്നു.

## ആവിഷ്കൃതി നേടുന്ന മൂർത്തബിംബങ്ങൾ

നിലാവ് പെയ്യുന്ന നിശീഥങ്ങളെയും ദാഹിച്ചുവരളുന്ന വെയിലുകളെയും എന്നുവേണ്ട പ്രകൃതിയിലെ ഋതുഭേദങ്ങളെയും മുഹൂർത്തവ്യതിയാനങ്ങളെയും ഇമവെട്ടാതെ നോക്കിനിന്ന് അനന്തമായ അനുഭൂതികൾ നെയ്തുകൂട്ടിയ ഈ കവി അനുഭൂതികളെ കേവലമായി വിവരിക്കുകയല്ല മൂർത്തമായ ബിംബങ്ങളിലൂടെ ആവിഷ്കരിക്കുക മാത്രമാണ് ചെയ്യുന്നത്. കവിത എഴുതിയത് മുഴുവൻ മനസ്സിലാണ്; കടച്ചു

ലേക്ക് പകർന്നുള്ള എന്നത് ആർ. രാമ സംബന്ധിച്ച് തികച്ചും വാസ്തവമായ പ്രസ്താ അവയെ ഇഴകീറി പരിശോധിക്കുമ്പോൾ ിതമാകുന്ന കുറേ ഭാവമുദ്രകൾ കാണാം. വും ധൈഷണികവും വൈകാരികവുമായ റ ബിംബങ്ങളും ഇടയിടയിൽ കാണാം. വൈയക്തികമായ അഭിരുചികളുടെയും ിമുഖ്യത്തിന്റെയും തെളിവുകളായി അവ ഷിക്കുന്നു.

രാമചന്ദ്രന്റെ കാവ്യലോകത്ത് ിപ്പെടുന്ന കാവ്യബിംബങ്ങളെ മുൻനിർത്തി ട് വാസുദേവൻ നായർ പുറപ്പെടുവിച്ച ം ശ്രദ്ധേയമാണ്. വ്യോമമൗനത്തിലുൾ ാരമായാലും വർണനാദങ്ങൾ തേടിപ്പോയ ായാലും കിനാവോ കിളിയോ ആയാലും മാത്രമായ അർഥം കൊണ്ട് സ്വകാര്യമാ ന പ്രതീകങ്ങളാണവ. കവിതയുടെ പാഠ ിന്നോ കവിയുടെ പ്രതീകലോകം, സാം പശ്ചാത്തലം, വിശ്വാസപ്രമാണം ായ വയിൽ നിന്നോ ഇത്തരം പ്രതീകങ്ങളുടെ അർഥം കൃത്യമായി കണ്ടെ ഴിയില്ല.(2015:9). കാലത്തിലൂടെയുള്ള യാത്ര, അനന്തമായ പ്രതീക്ഷ, കാത്തി പാരതയോടുള്ള ആഭിമുഖ്യം, തീവ്രമായ രന്തരമായ അന്വേഷണം തുടങ്ങി കവി ിക്കാൻ ഉദ്ദേശിച്ച അവസ്ഥാന്തരങ്ങളെല്ലാം ായ പ്രകൃതി ചിത്രങ്ങളാക്കി കവിതയിൽ ിത്തു. വില്യംബ്ലേക്കിന്റെയും ടി.എസ് എലി ും ബിംബാവലികൾ ആർ. രാമചന്ദ്രനെ ിച്ചിട്ടുണ്ടാകാമെങ്കിലും നെരൂദയുടെ കവി ൗ കവിയെ ഏറെ ആകർഷിച്ചിരുന്നുവെ ർച്ച. നെരൂദക്കവിതകൾക്ക് സ്വതന്ത്ര തീർത്ത കവി പ്രകൃതിയുടെ സ്വരത്തിന് ാതോർത്തിരുന്നു. മണൽപ്പരപ്പിൽ തെളി ന വെള്ളാരങ്കല്ലുകൾ നോക്കിനിൽക്കാൻ യപ്പോലെ രാമചന്ദ്രനും മോഹിച്ചിരിക്കാം.

*ച്ച വെള്ളാരങ്കല്ല ഞാൻ*
*ിട്ട*
*രസമുള്ളതായിരുന്നു*
*ാട വയറുപോ-*

*ിരസമുള്ളത്* എന്ന് ഈ കവി തന്നെ പരി ടുത്തിയിട്ടുണ്ടല്ലോ (അലസതയോട്) ിമിനുത്ത വെള്ളാരങ്കല്ലുപോലെ തെളിവുറ്റ വി പ്രകൃതിയിൽനിന്ന് കണ്ടെടുക്കുന്ന ഉപ ർ. കവിതകളിൽ മികവുറ്റതെന്ന് സ്വയം പ്പിക്കുന്ന 'കൃതജ്ഞത'യിൽ കവിയുടെ ചില ർ പരാമൃഷ്ടമാകുന്നു. ബാല്യഭാവനയെ ഉദ്ദീ ഗ്രാമത്തിന്റെ വിശുദ്ധിയിൽ ചൈത്രസന്ധ്യ ാന്തദേവതയും പൂനിലാവും കാനനഭംഗിയും , നൃത്തമാടുന്നുണ്ട്. കരളിൽ കൊഞ്ചിക്കളി ഞ്ചവർണക്കിളിയും വെൺമലർപ്പാറ്റകളും വർണച്ചിറക വീശുന്നു. കവിയുടെ ഇഷ്ടോ

പഠനങ്ങളിൽ പ്രസിദ്ധമായ കണ്ണാന്തളിപ്പൂവ് കണ്ണിൽ കരുകാന്തി വിടർത്തി നിൽക്കുന്നു. ( മല യാളത്തിലെ മറ്റൊരു കവിതയിലും കണ്ണാന്തളിപ്പൂവ് ഇങ്ങനെ ചിരിതൂകി നിൽക്കുന്നില്ല) കുന്നിൻപുറത്തെ പൂക്കളോടും മരങ്ങളോടും കവി ഏറെനേരം സല്ലപി ക്കുന്നതായി രാമചന്ദ്രൻ കവിതകൾ പരിശോധി ച്ചാൽ മനസ്സിലാകും. മുൾപ്പടർപ്പിനുള്ളിൽ നിന്നെത്തി നോക്കിടും പൂവുകൾ, കലിതുള്ളിയലറും കരിമ്പന ച്ചാർത്തുകൾ, സ്വപ്നഭൂമിയിലെ കൊന്നപ്പൂക്കൾ, വാകപൂത്ത വഴികൾ, ഞാവൽപ്പഴത്തിന്റെ രുചികൾ ഇതെല്ലാം അവിടെയുണ്ട്. കരളൊരു പൂക്കളമായ കൊച്ചനുജത്തിയുടെ കരിനീലക്കണ്ണുകളെ ഓർമിച്ചു കൊണ്ടേയിരിക്കുന്ന 'നീലവെളിച്ചം' എന്ന കവിത കുന്നിൻ നെറുകയിലെ കവിയുടെ സ്വപ്നത്തെ വീണ്ടെ ടുക്കുന്നു.

*കണ്ണുകൾ കൊതിച്ചു പോവും*
*കണ്ണാന്തളിപ്പൂക്കൾ*
*കണ്ണാന്തളിപ്പൂക്കൾ കൊതിച്ചു പോകും*
*കരിനീലക്കണ്ണുകൾ*

എന്നാരംഭിക്കുന്ന കവിത ആ വികാരാർദ്രത മുഴുവനും ഒപ്പിയെടുത്തിട്ടുണ്ട്. ഒടുവിൽ നഷ്ടബോധ ത്തിന്റെ തീവ്രവിഷാദത്തിൽ മുഴുകുമ്പോൾ കണ്ണാ ന്തളിപ്പൂക്കളെല്ലാം പറന്നുപോയതായും കുന്നിൻ ചെരുവിലെ നീലവെളിച്ചം എന്നെന്നേക്കുമായി നഷ്ടപ്പെട്ടതായും കവി അറിയുന്നു.

വൃക്ഷലതാദികളുടെയും പുഷ്പസഞ്ചയത്തിന്റെയും പ്രാദേശികമായ വിവരണങ്ങൾ രാമചന്ദ്രന്റെ കാ വ്യഭൂമികയെക്കൂടി ഉന്മീലിതമാക്കുന്നുണ്ട്. തൊൽകാ പ്പിയത്തിൽ വർണിതമായ തിണസങ്കൽപ്പത്തിന്റെ ശാസ്ത്രീയമായ ഉപദർശനങ്ങൾ അദ്ദേഹത്തിന്റെ കവിതകളോടിണക്കിച്ചേർക്കുമ്പോൾ ഉളവാകുന്ന അന്തർദർശനം വിലപ്പെട്ടതാണ്. പ്രകൃതിഭാവങ്ങളു മായി ആത്മൈക്യം സ്ഥാപിച്ച കവിക്ക് ഏതെങ്കിലും ഒരു തിണയിൽ മാത്രമായി തന്റെ സ്വപ്നഭൂമിക പണി യാനാവില്ല, എങ്കിലും കുറിഞ്ചിനിലത്തിന്റെയും നെയ്തൽ നിലത്തിന്റെയും ഭൂമികയിലൂടെയാണ് കവി ആത്മസഞ്ചാരം നടത്തുന്നത്. ശരത്തും ഹേമന്തവും മാറിമാറി കളിയാടുന്ന രാത്രിയുടെ ഭീകരതയെ അനു ഭവപ്പെടുത്തുന്ന മലമ്പ്രദേശങ്ങളാണ് കുറിഞ്ചിനില ത്തിന്റെ സ്വത്വം. തനിക്ക് ഏറെ പരിചിതമായ ആ ഇടങ്ങളുടെ വർണനകളാണ് രാമചന്ദ്രൻക്കവിത യിൽ ഏറെയും. ഒടുവിൽ താമരപ്പൂക്കളുടെയും ആമ്പൽപ്പൂക്കളുടെയും നെയ്തൽ സ്ഥലിയിലേക്ക് കവി മനസ്സ് ചേക്കേറുന്നു.

പക്ഷികൾ കവിക്ക് പലപ്പോഴും ചേതനയുടെ പ്രതീകമാണ്. പഞ്ചവർണ പക്ഷികളായ അവയ്ക്ക് പലപ്പോഴും ചിറകിട്ടടിക്കാനും പറക്കാനും കഴിവി ല്ലാതെ പോകുന്നു.

*അഴകോലും കുഞ്ഞിച്ചിറകുകളെന്നാല-*
*മതിനു മുളച്ചതില്ലയ്യോ*

- പൊൻകിളി




വൃക്ഷലതാദികളുടെയും പുഷ്പസഞ്ചയത്തിന്റെയും പ്രാദേശികമായ വിവരണങ്ങൾ രാമചന്ദ്രന്റെ കാവ്യഭൂമികയെക്കൂടി ഉന്മീലിതമാക്കുന്നുണ്ട്. തൊൽകാപ്പിയത്തിൽ വർണിതമായ തിണസങ്കൽപ്പത്തിന്റെ ശാസ്ത്രീയമായ ഉപദർശനങ്ങൾ അദ്ദേഹത്തിന്റെ കവിതകളോടിണക്കി ചേർക്കുമ്പോൾ ഉളവാകുന്ന അന്തർദർശനം വിലപ്പെട്ടതാണ്.

ബാക്കിയാകുന്ന ചുംബനത്തിലും നിർവൃതിയിലുമാണ് ജീവിതത്തിന്റെ സാഫല്യം. അത് കേവലം നൈമിഷികമായ സ്ത്രീ പുരുഷാനുരാഗത്തിൽ ഒതുങ്ങുന്ന ഒന്നല്ല. ഒടുവിൽ ബാക്കിയാകുന്ന അന്തിമ തമസ്സിലും സ്നേഹത്തിന്റെ അടയാളം ബാക്കിയാകുമെന്ന സൂചനയാണ്. ആർ രാമചന്ദ്രന്റെ പ്രകൃതിദർശനത്തെ പൂർണമായി അടയാളപ്പെടുത്താൻ ഈ ഈരടികൾ മാത്രം മതിയാകും.

എന്ന ഖേദം ഉടനീളമുണ്ട്. ചിറകു കുഴഞ്ഞാരാൽ നിൽക്കുന്ന പക്ഷിയെ 'പൂനിലാവി'ലും കാണാം. 'എന്റെ കഥ' എന്ന ആത്മാംശം കൂടുതലുള്ള കവിതയിൽ

*വർണനാദങ്ങൾ തേടിപ്പോയൊരെൻ പറവകൾ*
*ജ്വരതപ്തമാം*
*എന്നാത്മാവിൻ വിണ്ടുകീറിന നിലം തന്നിൽ*
*തളർന്നു പിടഞ്ഞു മരിക്കുന്നു .*
*അവതന്നിലും കൊക്കിൽ*
*ഉടഞ്ഞു പോയതാം ഗാനം*
*എന്റെ ചോരയിൽ*
*ഒരഗ്നി ബുൽബുദമായ് തുടിക്കുന്നു*

എന്ന് വിശദമായിത്തന്നെ ആ പക്ഷി ബിംബം അവതരിപ്പിക്കപ്പെടുന്നുണ്ട്.

പ്രകൃതിയുടെ ഓരോ ചലനത്തിലും മാനുഷിക വ്യാപാരങ്ങൾ ദർശിച്ചുകൊണ്ടാണ് കവിമനസ്സിന്റെ സഞ്ചാരം. വാനം ഭൂമിയെ ചുംബിച്ച ചക്രവാളത്തിൽ തന്നാനനം താഴ്ത്തി, കരളിനെച്ചുംബിച്ചുറക്കുമൊരജ്ഞാത കുസുമത്തിൻസൗരഭം, അന്തിക്കതിരുകളുമ്മവച്ചീടിനോരന്തരാത്മാവിന്നലൗകിക തൃഷ്ണകൾ, വിരിയാൻ കൊതിച്ചു നിൽക്കും പൂവ്, വിടരാത്ത പുഞ്ചിരിയായഴക് തുടങ്ങി എത്രയോ ഉദാഹരണങ്ങളുണ്ട്.

വ്യക്തികളും അവരുടെ മനോഭാവങ്ങളും പ്രകൃതിനിലകളുമായി അഭേദം പ്രാപിക്കുന്നതിന്റെ ചിത്രങ്ങളാണ് മറ്റൊരു വിഭാഗം. വിജനകുഞ്ജങ്ങൾ പോൽ വീർപ്പിടുന്നു വിരഹാകലങ്ങളായ് മദ്ദിനങ്ങൾ (പ്രലോഭനം) അന്തരാ പച്ചയുണങ്ങിന ശാഖിതന്നർഥമെഴാത്തതാം നിഴൽ പോലിരിക്കയാം (എന്തിന്) ഭൂവിൻ വാചാലമാം ഹരിതവിസ്തൃതിയും വാനിൻ നിർമൂകമാമനന്തനീലിമയും ചേർത്തിണക്കി ഞാൻ തീർത്ത രാഗമാലിക (രാഗമാലിക ) ഉദാഹരിക്കാൻ ഇങ്ങനെ എത്രയെത്ര !.

## പ്രകൃതിയുമായി മുഖാമുഖം

ആർ രാമചന്ദ്രന്റെ കവിതകളിലൂടെ ശ്രദ്ധാപൂർവം സഞ്ചരിക്കുമ്പോൾ പ്രകൃതിയോട് സല്ലപിക്കുകയും ഇടയ്ക്കൊക്കെ അതിനോട് കലഹിക്കുകയും ചിലപ്പോൾ ശത്രുതാഭാവം കൈക്കൊള്ളുകയും ചെയ്യുന്ന കവിഹൃദയത്തെ കണ്ടെത്താം.
*പ്രേതം എന്ന കവിത കാണുക.*

*ഓ ഞാൻ ! ഞാൻ !*
*ഒരു ജ്വരോന്മത്തമാം കിനാവാൽ*
*ഞെക്കി ഞെക്കിക്കൊന്നേൻ*
*വെളിച്ചത്തെ*
*ആർദ്രമൃദുലാംഗുലികളാ-*
*ലെന്നെത്തഴുകി വിളിച്ചുണർത്തിന*
*വെളിച്ചത്തെ !*

'വാനനീലിമയുടെ മാറി'ൽ പടർന്നു പുഷ്പിച്ച എന്റെ ആത്മാവിനെ ഞാൻ ചതച്ചരച്ചു കൊന്നു' എന്നിങ്ങനെയുള്ള വാക്യങ്ങളിലൂടെ ആത്മസത്തയുടെ അനുപ്രവേശം കാണാതിരിക്കാനാവില്ല. പ്രകൃതിയുടെ ഉദാസീന മനോഭാവത്തെയും നിർവികാരതയെയും അമർഷത്തോടെ നോക്കികണ്ടു കവി ഉദാത്തമായ ഒരു ദർശനത്തിലേക്ക് എത്തുന്നതിന്റെ ചിത്രവും മറ്റൊരു കവിതയിലുണ്ട്.

*ഒന്നുമില്ലൊന്നുമില്ല*
*മീതേ*
*പകച്ചുനിൽക്കുമംബരം മാത്രം*
*താഴെ*
*കരളുറഞ്ഞേ പോകും പാരിടം മാത്രം*
*ഒന്നുമില്ലൊന്നുമില്ല*
*വഴിയറിയാതണയും*
*പൊൽക്കതിർ മാത്രം*
*കൊതിപൂണ്ടുയരും*
*പച്ചിലക്കുമ്പുമാത്രം*
*ഒന്നുമില്ലൊന്നുമില്ല*
*ഒരു ചുംബനം മാത്രം*
*ഒരു നിർവൃതി മാത്രം .*
*ഒന്നുമില്ലൊന്നുമില്ല*
*അടരുമലർ മാത്രം*
*പടരുമിരുൾ മാത്രം*
*ഒന്നുമില്ലൊന്നുമില്ല*
*ഒന്നുമില്ലൊന്നുമില്ല*

ബാക്കിയാകുന്ന ചുംബനത്തിലും നിർവൃതിയിലുമാണ് ജീവിതത്തിന്റെ സാഫല്യം. അത് കേവലം നൈമിഷികമായ സ്ത്രീ പുരുഷാനുരാഗത്തിൽ ഒതുങ്ങുന്ന ഒന്നല്ല. ഒടുവിൽ ബാക്കിയാകുന്ന അന്തിമ തമസ്സിലും സ്നേഹത്തിന്റെ അടയാളം ബാക്കിയാകുമെന്ന സൂചനയാണ്. ആർ രാമചന്ദ്രന്റെ പ്രകൃതിദർശനത്തെ പൂർണമായി അടയാളപ്പെടുത്താൻ ഈ ഈരടികൾ മാത്രം മതിയാകും. ബുദ്ധദർശനത്തിലെ 'നിർവാണ'വുമായി 'നിർവൃതി' ഐക്യപ്പെടുന്നു എന്നതും ശ്രദ്ധേയമാണ്. ആർ രാമചന്ദ്രന്റെ ഭാഷയിൽ പറഞ്ഞാൽ ഒരു മെഴുകുതിരി കത്തിക്കെടുന്നതുപോലെ ഉരുകിയൊലിക്കുന്ന അലിവാണ് ഒടുവിൽ ബാക്കിയാവുന്നത്. പ്രകൃതിയുടെ ചാക്രികത തുടരുക തന്നെ ചെയ്യും. ഈ ബോധത്തിന്റെ നെറുകയിലാണ് ആർ. രാമചന്ദ്രന്റെ കവിതയിലെ സഹസ്രാരപത്മം വിടരുന്നത്.

## ഗ്രന്ഥസൂചി


1. ആർ. രാമചന്ദ്രൻ, കവിത, കോട്ടയം: ഡി. സി. ബുക്സ്, 2017.
2. പി. എം നാരായണൻ (എഡി), ആർ. രാമചന്ദ്രൻ കവിയും കവിതയും,കോഴിക്കോട്: പൂർണ പബ്ലിക്കേഷൻസ്, 2006.
3. കളർകോട് വാസുദേവൻ നായർ, ആർ. രാമചന്ദ്രന്റെ കാവ്യലോകം, എടപ്പാൾ: വള്ളത്തോൾ വിദ്യാപീഠം, 2015.
4. കെ. രാജൻ, 'സന്ധ്യാനിശ്ശബ്ദതയിൽ ധ്യാനിക്കുമ്പോൾ', ദ ക്രിട്ടിക് വെബ് മാസിക, (എഡി) ഐ ഗോപിനാഥ്, 30-06-2023.


*(ഡോ. ശുഭ കെ)*